"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീ. ഗിരീശൻ പി.എം. (അക്കൗണ്ടന്റ്, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്)-ന്റെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.325/2022/LSGD തീയതി,തിരുവനന്തപുരം, 14-02-2022

---

പരാമർശം:-

1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. 16.12.2017 തീയതിയിലെ സ.ഉ.(സാധാ) നം.4069/2017/തസ്വഭവ
4. 04.09.2019 തീയതിയിലെ സ.ഉ.(സാധാ) നം.1921/2019/തസ്വഭവ
5. 01.07.2020 തീയതിയിലെ സ.ഉ.(സാധാ) നം.1306/2020/തസ്വഭവ
6. 15.10.2020 തീയതിയിലെ സ.ഉ.(സാധാ) നം.1924/2020/തസ്വഭവ
7. 19.04.2021 തീയതിയിലെ സ.ഉ.(സാധാ) നം.890/2021/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.01.2022 ലെ 12975/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട്, കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ആയ ശ്രീ.ഗിരീശൻ പി.എം-നെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന സേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്ന് ദീർഘിപ്പിച്ച നൽകിയ ടിയാളുടെ അന്യത്രസേവന കാലാവധി 08.02.2022 ൽ അവസാനിച്ചതായും 09.02.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച നൽകണമെന്നും പരാമർശം (8) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഗിരീശൻ പി.എം -ന്റെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 09.02.2022 മുതൽ മേൽ തസ്തികയിലേയ്ക്ക് പുതിയ നിയമനം നടത്തുന്നതുവരെ മാത്രം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി എസ് പ്രവീൺ കുമാർ

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.

ശ്രീ. ഗിരീശൻ പി.എം., അക്കൗണ്ടന്റ്, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.IA1/27/2022-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 14-02-2022 15:22:11**

സെക്ഷൻ ഓഫീസർ